ആഗസ്റ്റ്
2025
ബുധൻ
മൂത്തേടം, മലപ്പുറം

# ക്യാമ്പസ് PULSE
ജി.എച്ച്.എസ്.എസ്. മൂത്തേടത്ത്

"ലോകത്തെ മാറ്റാൻ നിങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം."
- നെൽസൺ മണ്ടേല

ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

## മൂത്തേടം ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ

# 'വിക്ടറി വോയേജ്' സംഘടിപ്പിച്ചു.




മൂത്തേടം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച 'വിക്ടറി വോയേജ് 2025' ആര്യാടൻ ഷൗക്കത്ത് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

എടക്കര: മൂത്തേടം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച 'വിക്ടറി വോയേജ് 2025' ആര്യാടൻ ഷൗക്കത്ത് എം. എൽ. എ.ഉദ്ഘാടനം ചെയ്തു. എൽ.എസ്. എസ്,യു.എസ്.എസ്, എൻ.എം.എം. എസ്, വൈ.ഐ.പി, എ.സ്.എസ്. എൽ. സി തുടങ്ങിയവയിൽ മികച്ച വിജ യം നേടിയ വിദ്യാർഥികളെയും രക്ഷിതാക്കളെയും അനുമോദി ക്കാനാണ് ചടങ്ങ് സംഘടിപ്പി ച്ചത്. പി.ടി.എ പ്രസിഡൻറ് ടി.എൻ. ആസാദ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡൻറ് പി. ഉസ്മാൻ മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ റഷീദ് വാളപ്ര, പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർ മാൻമാരായ ജസ്മൽ പുതിയറ, അനീഷ് കാറ്റാടി, സലീന റഷീദ്, എസ്.എം.സി ചെയർമാൻ മുനീർ കാവുങ്ങൽ, എം.പി.ടി.എ. പ്രസി ഡൻറ് ഇ. സൈറാബാനു, പ്രധാനാ ധ്യാപിക ബിനമണ്ണിങ്ങ ഷള്ളിയാളി, സ്റ്റാഫ് സെക്രട്ടറി സി. അഷ്റഫ്, ഡെപ്യൂട്ടി എച്ച്. എം ജോജി ഫ്രാൻസിസ്, സ്കൂൾ ലീഡർ ടി.ബി. അവന്തിക എന്നിവർ സംസാരിച്ചു.

## സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്



മൂത്തേടം ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ഈ വർഷത്തെ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടന്നു. 24 ക്ലാസുകളിൽ ആണ് തിരഞ്ഞെടുപ്പ് നടന്നത്. കുട്ടികൾ തന്നെ തിരഞ്ഞെടുപ്പ് ഓഫീസർമാരായി പ്രവർത്തിച്ച്, ഒരു പൊതു തിരഞ്ഞെടുപ്പിന്റെ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് തിരരഞ്ഞെടുപ്പ് നടത്തിയത്.

## വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം

മൂത്തേടം ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും മറ്റു ക്ലബ്ബുകളുടെയും ഉദ്ഘാടനം 2025 ജൂലൈ 30 ബുധനാഴ്ച രാവിലെ 10 .30 ന് ഗായികയും BRC ട്രെയിനറുമായ ടി.പി.രമ്യ നിർവഹിച്ചു. അന്നേദിവസം തന്നെ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഒരു നോട്ടീസ് ബോർഡിന്റെ ഉദ്ഘാടനവും നടന്നു. കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനായി നോട്ടീസ് ബോർഡ് സയൻസ് ലാബിന്റെ മുൻവശത്തായി സ്ഥാപിച്ചിട്ടുണ്ട്. എൽ.പി. യു.പി., എച്ച്. എസ്. വിഭാഗങ്ങളിൽ നിന്ന് എല്ലാ ക്ലബ്ബുകളിൽ നിന്നും തെരഞ്ഞെടുത്ത കുട്ടികളുടെ സാന്നിധ്യത്തി ലാണ് ഉദ്ഘാടനം നടന്നത്. മൂന്നു വിഭാഗത്തിലെയും കുട്ടികളുടെ കലാപ്രകടനങ്ങൾ വേദിക്ക് മാറ്റുകൂട്ടി. ശാസ്ത്ര പരീക്ഷണങ്ങളും സ്കിറ്റുകളും പ്രസംഗവും ഗാനവും എല്ലാം ഉൾക്കൊള്ളുന്ന മനോഹരമായ ഒരു കലാവിരുന്ന് തന്നെയായിരുന്നു സംഘടിപ്പിച്ചത്. കുട്ടികൾ തന്നെയായിരുന്നു ഈ പ്രോഗ്രാമിന്റെ നേതൃത്വം വഹിച്ചത്. പി.സാന്ദ്ര സ്വാഗതവും എം.എം. നിരുപമ നന്ദി യും പറഞ്ഞു. ഓരോ വിഭാഗത്തിൽ നിന്നും അവതാരകരായും കുട്ടികൾ പങ്കെടുത്തു. എച്ച്. എം. ഇൻ ചാർജ് വി.എം. റജീന ടി.പി.രമ്യക്ക് ഉപഹാരം നൽകി.






### ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ 2025

2025-28 അധ്യയന വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ തെരഞ്ഞടുക്കുന്നതിനായുള്ള അഭിരുചി പരീക്ഷ സ്കൂളിൽ നടന്നു. രജിസ്റ്റർ ചെയ്ത 118 കുട്ടികളിൽ 114 പേർ പരീക്ഷ എഴുതി. 8 സി. ക്ലാസിലെ ജി. ദേവനാരായണൻ ഒന്നാം റാങ്ക് കരസ്ഥമാക്കി.

## ചാന്ദ്രദിനാഘോഷം സംഘടിപ്പിച്ചു

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചാന്ദ്രദിനത്തോടനുബന്ധി ച്ച് യു. പി. വിഭാഗത്തിൽ ശാസ്ത്ര ക്വിസ്, ശുഭാംശു ശുക്ലയുടെയും സംഘത്തിന്റെയും ബഹിരാകാശ ദൃശ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വീഡിയോ നിർമ്മാണം, പതിപ്പ് നിർമ്മാണം എന്നിവ സംഘടിപ്പിച്ചു. ശാസ്ത്ര ക്വിസിൽ മുഹമ്മദ് അംജദ് ഒന്നാം സ്ഥാനവും എം.കെ റുഷ്ദ രണ്ടാം സ്ഥാനവും എം. കെ. അഫീഫ മൂന്നാം സ്ഥാനവും നേടി. വീഡിയോ നിർമ്മാണ മത്സരത്തിൽ റിയ റൻഹ ഒന്നാം സ്ഥാനവും ജിനീഷ് എൻ.ഡി രണ്ടാം സ്ഥാനവും അനാമിക ടി.എ മൂന്നാം സ്ഥാനവും നേടി. കുട്ടികൾ ക്ലാസ് അടിസ്ഥാനത്തിൽ പതിപ്പുകൾ നിർമ്മിച്ചു. ആകാശ യാത്രയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം നടത്തി. ഹൈസ്കൂൾ വിഭാഗത്തിൽ ശാസ്ത്ര ക്വിസ്, കൊളാഷ് നിർമ്മാണ മത്സരം, ഫാബ്രിക് പെയിന്റിങ് മത്സരം എന്നിവ സംഘടിപ്പിച്ചു. ശാസ്ത്ര ക്വിസിൽ കെ.പി.ദിൽജിത്ത് ഒന്നാം സ്ഥാനവും നെഷ ഷെരിഫ് രണ്ടാം സ്ഥാനവും പി. സാന്ദ്ര മൂന്നാം സ്ഥാനവും നേടി. കൊളാഷ് നിർമ്മാണ മത്സര ത്തിൽ ദിൽഷ റിയാസ് ഒന്നാം സ്ഥാനവും എം.എം. നിരുപമ രണ്ടാം സ്ഥാനവും കെ. ആഷിഷ് മൂന്നാം സ്ഥാനവും നേടി. ഫാബ്രിക് പെയിന്റിങ്ങിൽ സഫ സാലിഹ് ഒന്നാം സ്ഥാനവും ദിൽഷ റിയാസ് രണ്ടാം സ്ഥാനവും തഹലിയ നസ്റിൻ മൂന്നാം സ്ഥാനവും നേടി.



ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഡിജിറ്റൽ മാഗസിനിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. നിങ്ങളുടെ സൃഷ്ടികൾ ലിറ്റിൽ കൈറ്റ്സ് മാസ്റ്ററെയോ/ മിസ്ട്രസിനെയോ ഏൽപ്പിക്കുക.

## നേട്ടം



വൈ ഐ. പി. (യങ്ങ് ഇന്നവേറ്റീവ് പ്രോഗ്രാം ) ശാസ്ത്രപഥത്തിൽ ജില്ലാതല വിജയികളായ മൂത്തേടം ഗവ. ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികളായ എം.എം. നിരഞ്ജന, ജബിൻ ലിബു, അനന്തു അശോക്. 25000 രൂപയും പ്രശസ്തിപത്രവുമാണ് പുരസ്കാരം.

Published by Little Kites, Reg.No : LK/2019/48077, Government Higher Secondary School, Moothedath, Wandoor Educational District, Malappuram, Kerala